RCS/2297/2020- EM(4)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 03/06/2021

**സർക്കുലർ നമ്പർ 21/2021**

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 രോഗ വ്യാപനം രണ്ടാം തരംഗം- പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദിവസ വേതനക്കാർ, കളക്ഷൻ ഏജന്റുമാർ എന്നിവർക്ക് പ്രതിമാസ വേതനം നൽകുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :- സർക്കാരിന്റെ പൊതുവായ നിർദ്ദേശം.

കോവിഡ് 19 രോഗവ്യാപനം രണ്ടാം തരംഗത്തിന്റെ രൂക്ഷമായ സാഹചര്യം കണക്കിലെടുത്ത്, സഹകരണ സ്ഥാപനങ്ങളിൽ കളക്ഷൻ ഏജന്റുമാർ മുഖേനയുള്ള കളക്ഷൻ നടപടികൾ നിർത്തിവെച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ പ്രവർത്തിയെടുക്കുന്ന താൽക്കാലിക ജീവനക്കാർക്കും, കളക്ഷൻ ഏജന്റുമാർക്കും വേതനം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവിടങ്ങളിൽ ദിവസ വേതന വ്യവസ്ഥയിൽ/കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 2021 മേയ് മാസത്തേക്കും ലോക്ക് ഡൗൺ നിലനിൽക്കുന്ന തുടർ കാലയളവിലേക്കും അതാത് മാസത്തെ പ്രവർത്തി ദിവസം കണക്കാക്കി നിലവിൽ നൽകിവരുന്ന വേതനം ഉറപ്പ് വരുത്തേണ്ടതാണ്. പ്രതിമാസം നിശ്ചിത തുക നിജപ്പെടുത്തിയിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് പ്രസ്തുത തുക ഉറപ്പ് വരുത്തേണ്ടതുമാണ്.
2. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ കളക്ഷൻ ഏജന്റുമാരായി ജോലി ചെയ്യുന്നവർക്ക് ഈ കാലയളവിൽ വേതനം/കമ്മീഷൻ എന്നിവ നൽകുന്നതിനുള്ള നടപടികൾ അതാത് സംഘം ഭരണ സമിതികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം വേതനം/കമ്മീഷൻ കണക്കാക്കുമ്പോൾ 2021 മേയ് മാസത്തെ യഥാർഥ കമ്മീഷൻ തുക 10,000/- രൂപയിൽ കൂടുതലാണെങ്കിൽ ടി തുകയും 10,000/- രൂപയിൽ കുറവാണെങ്കിൽ കഴിഞ്ഞ മൂന്നുമാസങ്ങളിലെ കമ്മീഷൻ തുകയുടെ ആവറേജ് കണക്കാക്കി ടി തുകയും നൽകേണ്ടതാണ്. എന്നാൽ ടി ആവറേജ് തുക 10,000/- രൂപയിൽ അധികരിക്കുവാൻ പാടില്ലാത്തതാണ്. ഇപ്രകാരം നൽകുന്ന തുക മേയ് മാസത്തെ യഥാർഥ കമ്മീഷൻ തുകയെക്കാൾ അധികരിച്ച് വരികയാണെങ്കിൽ

അധികമായി നൽകുന്ന തുക തുടർന്നുള്ള മാസങ്ങളിൽ ഭരണ സമിതിയുടെ യുക്തമായ തീരുമാന പ്രകാരം തവണകളായി തിരികെ ഈടാക്കാവുന്നതാണ്.

3. കളക്ഷൻ ഏജന്റുമാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ടി ആനുകൂല്യം മുടക്കം വരാതെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പി.ബി.നൂഹ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്:-**

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
5. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്,സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ , തിരുവനന്തപുരം.
9. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
10. എഡിറ്റർ/സഹകരണ വീഥി.
11. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)**